File No.KSINC/57/2022-PC

KSINC

# KERALA SHIPPING AND INLAND NAVIGATION CORPORATION LTD.

*(A Government of Kerala Undertaking)*

*AN ISO 9001 : 2015 Certified Company*

നം. എ–356/2022

തീയതി : 23.06.2022

## <u>പുനർലേല പരസ്യം</u>

കെ. എസ്. ഐ. എൻ. സി. ഗാന്ധിനഗർ ഹെഡ് ഓഫീസ്, തേവര യാർഡ് എന്നിവിടങ്ങളിലെ ഫലവൃക്ഷങ്ങളിൽ നിന്നും 2022 ആഗസ്റ്റ് മാസം മുതൽ അടുത്ത ഒരു വർഷ കാലയളവിലേക്ക് ആദായം എടുക്കുന്നതിനുള്ള അവകാശം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നൽകാനുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ** : –

1. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ അഞ്ച് മണിക്ക് മുൻപായി ആഫീസ് വളപ്പിലെ ഫലവൃക്ഷങ്ങൾ നേരിൽ കാണാവുന്നതാണ്.
2. വെള്ള പേപ്പറിൽ തയ്യാറാക്കിയ മുദ്രവച്ച ക്വട്ടേഷനുകൾ മാനേജിംഗ് ഡയറക്ടർ, കേരളഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, 63/3466, ഉദയ നഗർ റോഡ്, ഗാന്ധി നഗർ, കൊച്ചി – 682020 എന്ന വിലാസത്തിൽ 05.07.2022–ാം തീയതി 3.00 മണിക്കകം ഈ ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.
3. നിരതദ്രവ്യമായ 2500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് എറണാകുളത്ത് മാറാവുന്ന വിധം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്ന പേരിൽ ക്വട്ടേഷനോടൊപ്പം അയക്കേണ്ടതാണ്./ ടി തുക കമ്പനിയുടെ ക്യാഷ് കൗണ്ടറിൽ നേരിട്ടും അടയ്ക്കാവുന്നതാണ്.
4. നിരതദ്രവ്യം അടയ്ക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
5. ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനുമുകളിൽ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് പ്രത്യേകം എഴുതിയിരിക്കണം.
6. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

**63/3466,Udaya Nagar Road, Gandhi Nagar, Kochi - 682020**
Tel. off (0484) 2203614.2206232,2206841/42/44, 2206672
Fax No.(0484) 2206848, 2206533. E-Mail. info@ksinc.in, keralashipping@gmail.com
www.ksinc.in,www.sagararani.in,www.nefertiticruise.com
(CIN U61200KL1975SGC002755)
GST 32AABCK4818L1ZJ

7. 05.07.2022-ാം തീയതി 3.00 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. മറ്റുള്ളവർക്ക് ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം നിരതദ്രവ്യമായ 2500/- രൂപ ഡിമാന്റ് ഡ്രാഫ്റ്റ് മടക്കി നൽകുന്നതാണ്.
8. അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി നരതദ്രവ്യം കഴിച്ച് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള ബാക്കി തുക ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.
9. കെ. എസ്. ഐ. എൻ. സി. യിലെ ജീവനക്കാർ ക്വട്ടേഷൻ നടപടികളിൽ പങ്കെടുക്കാൻ പാടില്ല.
10. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം കെ. എസ്. ഐ. എൻ. സി. മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതും മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.
11. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല.
12. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ 05.07.2022 ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാനതീയതിയായി കണക്കാക്കുന്നതായിരിക്കും.
13. കൂടുതൽ വിവരങ്ങൾക്ക് 0484-2203614 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

സ്ഥലം : ഗാന്ധി നഗർ,

തീയതി : 23.06.2022

മാനേജിംഗ് ഡയറക്ടർ